കാൻസർ രോഗനിർണയ ക്യാമ്പ്

കാട്ടാക്കട: കുറ്റിച്ചൽ ജനശ്രീ സുസ്ഥിരമിഷന്റെ ആഭിമുഖ്യത്തിൽ വനിതകൾക്കായുള്ള ക്യാൻസർ രോഗനിർണയ ക്യാമ്പ് സംഘടിപ്പിച്ചു. പ്രസിഡന്റ് എ.എസ്.സുരേഷിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ സെക്രട്ടറി വട്ടപ്പാറ അനിൽ ഉദ്ഘാടനം ചെയ്തു. മണ്ഡലം ചെയർമാൻ കെ.പി.മുഹമ്മദ് സഹായവിതരണം ചെയ്തു. സുകുമാരൻനായർ, എസ്.കരുണാകരൻനായർ, ഡി.അനിൽകുമാർ, സുധീർകുമാർ, സലിം, സി.ഗോപി ഇമ്മാനുവൽ, വി.എസ്.വിനു, എന്നിവർ സംസാരിച്ചു.

കുന്നത്തുകാൽ പെഴുങ്ങാനൂർ മേജർ ശ്രീമഹാദേവർ ക്ഷേത്രം

നിലമാമൂട്: കുന്നത്തുകാൽ പെഴുങ്ങാനൂർ മേജർ ശ്രീമഹാദേവ ക്ഷേത്രത്തിലെ തിരു ആറാട്ട് മഹോത്സവം 17 ന് രാവിലെ 8.30 ന് കൊടിയേറ്റി 24 ന് ആറാട്ടുകൂടി സമാപിക്കും.

17 ന് രാവിലെ 8.30 ന് ബ്രഹ്മശ്രീ ഡോ. ശ്രീധരരു വാസുദേവന്റെ കാർമ്മികത്വത്തിൽ കൊടിയേറ്റ്, 11.30 ന് ഓട്ടം തുള്ളൽ, വൈകിട്ട് 4 ന് തങ്കത്തിരുമുഖം എഴുന്നള്ളത്ത്, 18 ന് രാവിലെ 11 ന് വി.ആർ. ശ്രീദേവി പ്രഭാഷണം നടത്തും. വൈകിട്ട് 6.30 ന് കലാ ടീച്ചറുടെ മുഖ്യ കാർമ്മികത്വത്തിൽ ഐശ്വര്യപൂജ, 8 ന് സായന്തനം.

19 ന് രാവിലെ 7.30 ന് മഹാമൃത്യുഞ്ജയഹോമം, 11 ന് ഹൈന്ദവീയം, വൈകിട്ട് 5 ന് കാഴ്ചശ്രീബലി. 7 ന് തിരുവാതിരക്കളി, 8 ന് സംഗീതാർച്ചന. 20 ന് 7.30 ന് സനാതന ധർമ്മ പ്രഭാഷണം, 21 ന് 9.30 ന് ഉത്സവബലിദർശനം, രാത്രി 7.30 ന് പാട്ടുകളിയാട്ടം, 22 ന് 8 ന് പുരാണ പ്രശ്നോത്തരി, 23 ന് രാവിലെ 6.30 ന് ശ്രീരുദ്രജപം. വൈകിട്ട് 5 ന് കാഴ്ചശ്രീബലി, 9.30 ന് നാടകീയ നൃത്തശില്പം, 24 ന് രാവിലെ 6.30 ന് തിരുനട അടയ്ക്കൽ, ഉച്ചയ്ക്ക് 12 ന് ആറാട്ട് സദ്യ, വൈകിട്ട് 4 ന് സമൂഹ ശിവസഹസ്ര നാമാർച്ചന, 5 ന് ആറാട്ട് എഴുന്നള്ളത്ത്, 6.30 ന് വിശേഷാൽപൂജ, 8 ന് ഗാനമേള.

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

വെള്ളറട: ആര്യങ്കോട് ഗ്രാമപഞ്ചായത്ത് വികസന സെമിനാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. അനിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

സെമിനാർ സി. കെ ഹരീന്ദ്രൻ എം.എൽ. എ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. കെ സജയൻ, ബ്ലോക്ക് മെമ്പർമാരായ സി. പി അരുൺ, കെ. ജോയിസ്, ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി അദ്ധ്യക്ഷൻമാരായ അനീഷ്ചൈതന്യ, സുനില, വീരേന്ദ്രകുമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി എസ്. ഒ. ഷാജികുമാർ സ്വാഗതവും വൈസ് പ്രസിഡന്റ് ലീല നന്ദിയും രേഖപ്പെടുത്തി.

നൂറുശതമാനം നികുതി പിരിവ് പൂർത്തിയാക്കിയ മഞ്ചംകോട് ചിലമ്പറ വാർഡുകളിലെ പ്രതിനിധികളെയും വാർഡ് സ്റ്റാഫ് സജിതകുമാരിയെയും യോഗത്തിൽ വച്ച് എം. എൽ. എ അനുമോദിച്ചു.

സെന്റ് അലോഷ്യസ് സ്കൂൾ വാർഷികം

ബാലരാമപുരം: മംഗലത്തുകോണം സെന്റ് അലോഷ്യസ് സ്കൂൾ വാർഷികം അഡ്വ. എം. വിൻസെന്റ് എം. എൽ.എ ഉദ്ഘാടനം ചെയ്തു. പി. ടി.എ പ്രസിഡന്റ് രമേശ്കുമാർ അദ്ധ്യക്ഷത വഹിച്ചു.

ഹെഡ്മിസ്ട്രസ് ഫിലോമിന സ്വാഗതം പറഞ്ഞു. ഫാദർ അനിൽ ജോസഫ്, ഫാദർ ഡോ. ആർ. പി. വിൻസെന്റ്, വെങ്ങാനൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീകല, സിനിമാ പിന്നണി ഗായിക സോന, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രഫുല്ല ചന്ദ്രൻ, രാജേന്ദ്രൻ നെല്ലിമൂട്, ഗീത തുടങ്ങിയവർ പങ്കെടുത്തു.

പാലംപണി കഴിഞ്ഞിട്ട് രണ്ടുവർഷം: തടസങ്ങൾ നീങ്ങി പാലം യാഥാർത്ഥ്യമാകുന്നു

വർഷങ്ങളുടെ കാത്തിരുപ്പ്: അയിലം പാലം തുറക്കും

വിജയൻ പാലാഴി

അയിലം ഗവ. ഹൈസ്കൂളിനു മുന്നിലെ കൊടും വളവ് നിവർത്തി പാലത്തിന്റെ അപ്രോച്ച് റോഡ് പണികൾ പുരോഗമിക്കുന്നു.

ആറ്റിങ്ങൽ: വർഷങ്ങളായുള്ള നാട്ടുകാരുടെ കാത്തിരിപ്പിന് വിരാമമിട്ട് അയിലം പാലം യാഥാർത്ഥ്യമാകുന്നു. നിർമ്മാണം അന്തിമഘട്ടത്തിലാണിപ്പോൾ. മാസങ്ങൾക്കകം പാലം സഞ്ചാരത്തിനായി തുറന്നു കൊടുക്കാൻ കഴിയുമെന്നാണ് അധികൃതർ പറയുന്നത്. അപ്രോച്ച് റോഡ് സംബന്ധിച്ച തർക്കങ്ങളാണ് പാലം തുറക്കാൻ തടസമായിരുന്നത്.

പാലം പണി തീർന്ന് വർഷം രണ്ടു കഴിഞ്ഞിരുന്നെങ്കിലും അപ്രോച്ച് റോഡ് നിർമ്മിക്കാൻ മണ്ണ് എടുക്കുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങളായിരുന്നു പിന്നീട് നടന്നത്. പാലത്തിന്റെ ഇരുഭാഗത്തും വലിയ താഴ്ചയാണ്. ഈ ഭാഗം ശാസ്ത്രീയമായി കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തിയാണ് മണ്ണിട്ട് റോഡ് നിർമ്മിച്ചത്.

എന്നാൽ പണിക്കിടെ ആദ്യഘട്ടത്തിൽ അപ്രോച്ച് റോഡിന്റെ ഒരു ഭാഗം ഇടിഞ്ഞ് താണത് ആശങ്ക പരത്തിയിരുന്നു. മഴയെതുടർന്ന് മണ്ണിരുത്തിയതാണ് റോഡ് ഇടിയാൻ കാരണമെന്നാണ് അന്ന് വിദഗ്ദ്ധർ പറഞ്ഞത്. ഇതോടെ നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതത്വത്തിലായിരുന്നു. മാസങ്ങളായി മുടങ്ങിക്കിടന്ന പണി എം.എൽ.എയുടെ ഇടപെടലിനെ തുടർന്നാണ് പുനരാരംഭിച്ചത്.

4.56 കോടിയാണ് പാലത്തിന്റെ ആകെ നിർമ്മാണച്ചെലവ് കണക്കാക്കിയിരുന്നെങ്കിലും 6.21 കോടിക്കാണ് 2010 മാർച്ചിൽ കരാർ ഉറപ്പിച്ചത്.

റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തി ഹൈക്കോടതിയിൽ നല്കിയ കേസും പണി താളം തെറ്റിച്ചിരുന്നു. കൂടാതെ ആദ്യം തയ്യാറാക്കിയ പദ്ധതിയിലില്ലാതിരുന്ന പണികൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ചെയ്യേണ്ടിവന്നിട്ടുണ്ടെന്നും അതുകൊണ്ട് പദ്ധതിരേഖ പുതുക്കി കൂടുതൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ കോടതിയെ സമീപിച്ചതും പാലം യാഥാർത്ഥ്യമാകാൻ കാലതാമസം ഉണ്ടാക്കി.

കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങളിൽ ഇടപെടാതെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ നേരത്തെ തീരുമാനം കൈക്കൊണ്ടിരുന്നതിനാൽ മറ്റ് പണികൾ പൂർത്തിയാക്കി കാത്തിരിക്കേണ്ടിവന്നു. കോടതി വിധി പാലം പണിയ്ക്ക് അനുകൂലമായത് പണി വേഗത്തിലാക്കിയിട്ടുണ്ട്.

അയിലം ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് സ്കൂളിനു സമീപമുള്ള കൊടും വളവുകൾ മാറ്റി ക്രമീകരിക്കുന്നതിനും തർക്കങ്ങൾ ഉയർന്നിരുന്നു. എന്നാൽ എല്ലാ തടസങ്ങളും ഒഴിവാക്കി നിരപ്പായി റോഡ് നിർമ്മാണം ആരംഭിച്ചതും അനുകൂല സാഹചര്യമൊരുക്കി.

കാലതാമസത്തിനു കാരണം

- സ്വകാര്യവ്യക്തി നൽകിയ കേസ്
- അപ്രോച്ച് റോഡ് നിർമ്മാണത്തിലെ തടസങ്ങൾ
- കൂടുതൽ തുക ആവശ്യപ്പെട്ട് കരാറുകാരൻ കോടതിയിൽ
- കൊടും വളവുകൾ മാറ്റി ക്രമീകരിക്കുന്നതിനും തർക്കങ്ങൾ

അഴൂർ ഭഗവതി ക്ഷേത്രത്തിൽ സമൂഹ പൊങ്കാല

ചിറയിൻകീഴ്: അഴൂർ ഭഗവതി ക്ഷേത്രത്തിലെ മീന കാർത്തിക മഹോത്സവത്തോടനുകൊടിയേറി. ഇന്നലെ രാവിലെ 8.30നും 9.30 നും മദ്ധ്യേ ക്ഷേത്രം തന്ത്രി എരമല്ലൂർ ഉഷേന്ദ്രൻ തന്ത്രികളുടെയും മേൽശാന്തി രാജേഷ് പോറ്റിയുടെയും മുഖ്യകാർമ്മികത്വത്തിലാണ് തൃക്കൊടിയേറ്റ് നടന്നത്. തുടർന്ന് നടന്ന സമൂഹപൊങ്കാലയിൽ ആയിരങ്ങൾ അഴൂർ അമ്മയ്ക്ക് പൊങ്കാല സമർപ്പിച്ചു. ക്ഷേത്ര തന്ത്രി 9.15 ന് പണ്ടാര അടുപ്പിൽ പകർന്ന തീ മറ്റ് അടുപ്പുകളിലേക്ക് പകർന്നപ്പോൾ ക്ഷേത്ര പരിസരം യാഗശാലയായി മാറുകയായിരുന്നു. 11 ന് പൊങ്കാല നിവേദ്യം നടത്തി. 22 ന് നടക്കുന്ന ഗരുഡൻ തൂക്കം, ആറാട്ട് എന്നിവയോടെ മീന കാർത്തിക മഹോത്സവത്തിന് സമാപനം കുറിയ്ക്കും. ക്ഷേത്രത്തിൽ ഇന്ന് പതിവ് പൂജകൾക്ക് പുറമേ രാവിലെ 10 ന് ഗണപതിക്കും ശാസ്താവിനും കലശാഭിഷേകം, 12 ന് ഉച്ചപൂജ, 12.30 ന് സമൂഹസദ്യ, വൈകിട്ട് 4 ന് ദേവീ മാഹാത്മ്യ പ്രഭാഷണം, 5.30 ന് ഭഗവതി സേവ, 6.30 ന് അലങ്കാര ദീപാരാധന, 8 ന് അത്താഴപൂജ, ശ്രീഭൂതബലി, മംഗളാരതി എന്നിവ നടക്കും.

നിലയ്ക്കാമുക്ക് ചിറമൂല പൂവത്താൻ വിള ശ്രീ മഹാദേവ ക്ഷേത്രം

ആറ്റിങ്ങൽ: നിലയ്ക്കാമുക്ക് ചിറമൂല പൂവത്താൻ വിള ശ്രീ മഹാദേവ ക്ഷേത്രത്തിലെ ഉത്സവം 14 മുതൽ 23 വരെ നടക്കും. 14 ന് രാവിലെ 6 ന് ഗണപതിഹോമം, 8 ന് കലശപൂജ, നവകം, പഞ്ചഗവ്യം, 9 ന് കലശാഭിഷേകം. 11. 30 ന് കൊടിയേറ്റ്. 12 മുതൽ അന്നദാനം, വൈകിട്ട് 6 ന് ഭഗവതിസേവ. രാത്രി 7 ന് ദീപക്കാഴ്ച. 15 മുതൽ 17 വരെ പതിവ് ഉത്സവ ചടങ്ങുകൾ. 18 ന് രാവിലെ 10 ന് ക്ഷീര ധാര. 19 ന് രാവിലെ 10 ന് കലശവും നാഗരൂട്ടം. 20 ന് ഉച്ചയ്ക്ക് 11.30 മുതൽ അന്നദാനം, 21 ന് രാവിലെ 8.30 ന് മാഹാ മൃത്യുഞ്ജയ ഹോമവും ഭസ്മകലശാഭിഷേകവും. 11.30 മുതൽ അന്നദാനം. 22 ന് ഉച്ചയ്ക്ക് 12 മുതൽ അന്നദാനം, വൈകിട്ട് 3.30 ന് സമൂഹ സർവ ഐശ്വര്യ പൂജ, 23 ന് രാവിലെ 6 ന് അഷ്ടദ്രവ്യ മഹാഗണപതിഹോമം. 8.15 ന് സമൂഹ പൊങ്കാല, 11.30 ന് അന്നദാനം, രാത്രി 9.30 ന് കൊടിയിറക്ക്. തുടർന്ന് ആകാശ ദീപക്കാഴ്ച. 12 ന് മഹാ ഗുരുസി.

ബി.കെ.എം.യു ഈഞ്ചയ്ക്കൽ യൂണിറ്റ് രൂപീകരിച്ചു

മുടപുരം: ചിറയിൻകീഴ് പഞ്ചായത്തിലെ ഈഞ്ചയ്ക്കലിൽ ബി.കെ.എം.യു (എ.ഐ.ടി.യു.സി) യൂണിറ്റ് രൂപീകരണ യോഗം സി.പി.ഐ ചിറയിൻകീഴ് ലോക്കൽ കമ്മിറ്റി സെക്രട്ടറി കളിയിൽപുര രാധാകൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്തു. ശശികുമാർ അദ്ധ്യക്ഷത വഹിച്ചു. ബി.കെ.എം.യു ജില്ലാ ജോ: സെക്രട്ടറി തിനവിള സുർജിത്, ഗോപൻ പുള്ളുരുത്തി എന്നിവർ സംസാരിച്ചു. ഷാമിന സ്വാഗതവും തങ്കമണി നന്ദിയും പറഞ്ഞു

ഭാരവാഹികളായി ശശികുമാർ (സെക്രട്ടറി) ബിനു, ഷാമിന (ജോ: സെക്രട്ടറിമാർ) തങ്കമണി (പ്രസിഡന്റ്) രഘു, ദേവകുമാർ (വൈ: പ്രസിഡന്റുമാർ) എന്നിവരെ തിരഞ്ഞെടുത്തു

ഈഞ്ചയ്ക്കൽ ചിറയിൻകീഴ് റോഡിന്റെ കൈവരി കെട്ടി സംരക്ഷിക്കണമെന്നും. ഭൂരഹിതരും - ഭവനരഹിതരുമായ മുഴുവൻ കർഷക തൊഴിലാളികളേയും ജാതി-മത ഭേദമെന്യേ എല്ലാവരേയും പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും യോഗം അധികാരികളോട് ആവശ്യപ്പെട്ടു.

ഓടയം ഗവ. എംഎൽപി സ്കൂൾ

വർക്കല: ഓടയം ഗവ. എം.എൽ.പി സ്കൂളിലെ വാർഷികാഘോഷവും മികവുത്സവവും 15 ന് രാവിലെ 9.30 ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.കെ. യൂസഫ് ഉദ്ഘാടനം ചെയ്യും. സിന്ധു എഫ് കലാം അദ്ധ്യക്ഷത വഹിക്കും. അഡ്വ. ജി.എസ്. മെർളി, ഹർഷാദ് സാബു, അഡ്വ. എഫ്.നഹാസ്, താഹാകുട്ടി, നസീഫ്, മിനി. എസ്, ബേബിഷൈല, അഡ്വ. ഹേമചന്ദ്രൻ എന്നിവർ സംസാരിക്കും. 10.30 ന് മികവുത്സവം. വൈകുന്നേരം 3.30 ന് മജിഷ്യൻ ഹാരിസ് താഹ അവതരിപ്പിക്കുന്ന മാജിക് ഷോ. തുടർന്നു നടക്കുന്ന സമാപനയോഗവും അനുമോദന സമ്മേളനവും ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബി. രഞ്ജിത്ത് ഉദ്ഘാടനം ചെയ്യും. ഇടവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനിത എസ്.ബാബു അദ്ധ്യക്ഷത വഹിക്കും. വി. ജോയി എം എൽഎ മുഖ്യാതിഥിയായിരിക്കും. ഹെഡ്മിസ്ട്രസ് ബി. ആർ. സിന്ധുകുമാരി, അഡ്വ. എൻ.സഫീർകുട്ടി, പ്രൊഫ. അബ്ദുൽറബ്ബ്, പ്രൊഫ. ഷിഹാബുദ്ദീൻ, ഡോ. ജി. ഹേമചന്ദ്രൻ, ഷാക്കുട്ടി, ജെ.എം. മുഹമ്മദ് അൻസാർ എന്നിവർ സംസാരിക്കും. വിവിധ മേഖലകളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികളെ ചടങ്ങിൽ അനുമോദിക്കും.

വാർഷിക പദ്ധതിക്ക് അംഗീകാരം

വർക്കല: ഇലകമൺ ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതായി പ്രസിഡന്റ് വി.സുമംഗല, വൈസ് പ്രസിഡന്റ് അഡ്വ. ബി. എസ്. ജോസ് എന്നിവർ അറിയിച്ചു. 58043597 രൂപ അടങ്കൽ തുകയുള്ള 108 പദ്ധതികൾക്കാണ് അംഗീകാരം. ഉത്പാദന മേഖലയിൽ 14991205, സേവന മേഖലയിൽ 27248392, പശ്ചാത്തല മേഖലയിൽ 15761000 രൂപയുടെയും പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും മെയിന്റനൻസിന് 165560000 രൂപയുടെ പദ്ധതികൾക്കും പട്ടികജാതിവിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കായി 10595000 രൂപയുടെയും വയോജനങ്ങളുടെയും ആരോഗ്യമേഖലയുടെയും പദ്ധതികൾക്കായി 3545900 രൂപയും, ഭിന്നശേഷിവിഭാഗത്തിന്റെ ക്ഷേമത്തിനായി 1900000 രൂപയുടെയും മാലിന്യ സംസ്കരണത്തിന് 1331887 രൂപയുടെയും പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്.

കിഴുവിലം ഗ്രാമപഞ്ചായത്ത് ബഡ്ജറ്റിൽ കൃഷിക്കും മണ്ണ്, ജല സംരക്ഷണത്തിനും മുൻഗണന

ആറ്റിങ്ങൽ: കൃഷിക്കും മണ്ണ് ജല സംരക്ഷണങ്ങൾക്കും മുൻഗണന നൽകി കിഴുവിലം ഗ്രാമപഞ്ചായത്ത് ബഡ്ജറ്റ് അവതരിപ്പിച്ചു. 2,30,09,913 രൂപ മുൻ നീക്കിയിരിപ്പ് ഉൾപ്പെടെ 34,13,04,913 രൂപ വരവും 33,38,53,000 രൂപ ചെലവും 7451913 രൂപ മെച്ചവും പ്രതീക്ഷിക്കുന്ന 2018-19 വർഷത്തെ സമ്പൂർണ ബഡ്ജറ്റ് പഞ്ചായത്ത് കമ്മിറ്റി പാസാക്കി. പ്രസിഡന്റ് എ. അൻസാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് എ.ആർ.താരാങ്കൻ ബഡ്ജറ്റ് അവതരിപ്പിച്ചു.

കൃഷി, മണ്ണ്, ജല സംരക്ഷണങ്ങൾക്ക് 3,11,00,000 രൂപയും ആരോഗ്യം, കുടിവെള്ളം, ശുചിത്വം, ഊർജ്ജം എന്നിവക്ക് 1,85,00,000 രൂപയും വനിതാ-ശിശുക്ഷേമങ്ങൾക്ക് 82,00,000 രൂപയും പൊതുമരാമത്ത് പണികൾക്കായി 4,88,00,000 രൂപയും പട്ടികജാതി ക്ഷേമത്തിനായി 2,00,00,000 രൂപയും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കായി 12,00,000 രൂപയും സ്പോർട്സ് യുവജനക്ഷേമത്തിനായി 10,00,000 രൂപയും വിദ്യാഭ്യാസത്തിന് 38,00,000 രൂപയും മൃഗസംരക്ഷണത്തിന് 82,50,000 രൂപയും ഭവന പദ്ധതിക്കായി 5,55,00,000 രൂപയും മത്സ്യകൃഷിക്കായി 10,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽ നാളീകേര കൃഷിക്ക് ഹരിതാമൃതം എന്ന പേരിൽ പത്ത് ലക്ഷം രൂപയും മൃഗസംരക്ഷണത്തിൽ പശുവളർത്തലിന് ഗോവത്സം എന്ന പേരിൽ 15 ലക്ഷം രൂപയും വനിതാക്ഷേമത്തിൽ കിഴവിലം ജൈവകുത്തരി എന്ന പേരിൽ മില്ല് സ്ഥാപിക്കുന്നതിനായി 30 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. യോഗത്തിൽ അംഗങ്ങളായ ആർ. ശ്രീലത, എ.എസ്.ശ്രീകണ്ഠൻ, എ.ഷാജഹാൻ, എസ്.വനജകുമാരി, എ.ചന്ദ്രശേഖരൻനായർ, വി.ആർ.രേഖ, വി. സുജാത, സാംബശിവൻ, ഉണ്ണികൃഷ്ണൻ, ഗിരീഷ്കുമാർ, മുഹമ്മദ് ഫൈസൽ, എസ്.സുജ, മിനി, ബി.എസ്.ബിജകുമാർ, സൈനാബീവി, സി.ലിപിമോൾ, ബി.ശ്യാമള അമ്മ, സെക്രട്ടറി ജി.ജയദേവൻ എന്നിവർ പങ്കെടുത്തു.

നെയ്യാറ്റിൻകര ജില്ലാ രൂപീകരണ സമിതി

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര ജില്ലാ രൂപീകരണത്തിന് ജില്ലാ രൂപീകരണ സമിതിക്ക് ശിവഗിരി ശ്രീനാരായണ ധർമ്മ സംഘം ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ ശിവഗിരി ട്രസ്റ്റിന്റെ പൂർണ പിന്തുണ നൽകി. വിശ്വസാംസ്കാരികഭവനിൽ നടന്ന കൂടിക്കാഴ്ചയിൽ മുൻ മന്ത്രി ആർ.സുന്ദരേശൻ നായർ, എൻ.ശക്തൻ, അഡ്വ.എസ്.ആർ.തങ്കരാജ്, അഡ്വ. കുളത്തൂർ സുകുമാരൻ നായർ, അഡ്വ. ആർ. ടി. പ്രദീപ്,, മാമ്പഴക്കര രാജശേഖരൻ നായർ, കെരെളി. ജി. ശശിധരൻ, ആർ. ജയകുമാർ, ധനുവച്ചപുരം പരമേശ്വരൻ നായർ, ആബിൻ തുടങ്ങിയവർ പങ്കെടുത്തു.

ഇന്ന്

വൈ. എം. സി.എ ഹാൾ: മൂലൂർ ഫൗണ്ടേഷൻ ഉദ്ഘാടനം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ - 4.30 ന്

മസ്കറ്റ് ഹോട്ടൽ: വയോജന പഠനകേന്ദ്രം സംഘടിപ്പിക്കുന്ന വയോജന പ്രശ്നങ്ങളെക്കുറിച്ചുള്ള കൊളോക്യം ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ -10.30 ന്

വൈലോപ്പിള്ളി സംസ്കൃതി ഭവൻ: റെജിൻസ് പി. തോമസിന്റെ ചിത്രപ്രദർശനം-4 ന്

കുലശേഖരപുരം മുത്താരമ്മൻ ക്ഷേത്രം: സമൂഹപൊങ്കാല-4.30 ന്

കരിക്കകം കാവിൻകുളങ്ങര ഭഗവതിക്ഷേത്രം: ഭാസ്കരൻ ശാസ്ത്രികൾ സ്മാരക കഥകളി പുരസ്കാര സമർപ്പണം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, 7 ന് മേജർസെറ്റ് കഥകളി.

പദ്മനാഭസ്വാമി ക്ഷേത്രം കിഴക്കേനട: സ്വാമി ദുർഗാനന്ദ സരസ്വതിയുടെ രമണവിദ്യാ സത്സംഗം- 6.15 ന്

നന്തൻകോട് ഭദ്രകാളി ക്ഷേത്രം: തോറ്റംപാട്ട് - 7 ന്

കുലശേഖരം ശ്രീ മുത്താരമ്മൻ ക്ഷേത്രം: സമൂഹപൊങ്കാല-4.30 ന്

മംഗലത്തുകോണം കാട്ടുനട ഭദ്രകാളി ക്ഷേത്രം: അലങ്കാര ദീപാരാധന-7 ന്

പുത്തൻചന്ത ശ്രീ ഉജ്ജ്വയിനിമഹാകാളിഅമ്മൻദേവസ്ഥാനം: സമൂഹപൊങ്കാല - 10 ന്, മംഗള ഗുരുസി- 12.30 ന്

വലിയതുറ സെന്റ് ആന്റണീസ് ഫെറോനാ ദൈവാലയം: വചനപ്രഘോഷണം - 5.45 ന്

പാളയം സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രൽ: സമൂഹദിവ്യബലി- 5.30 ന്

സിനിമ

ന്യൂ (2323244) :: ■ screen 1 - **ആദി** (M - 11.00, 2.30, 6.00, 9.30)
■ screen 2 - **TOMB RIDER** (E - 11.15, 2.30, 6.15, 9.30)
■ screen 3 - **ഹേയ് ജൂഡ്** (M - 11.15, 2.30, 6.15, 9.30)
ശ്രീകുമാർ (2331222) :: **സൊല്ലിവിടവാ** (T- 11.15, 2.30) **21 DIAMONDS** (M- 6.15, 9.30)
ശ്രീവിശാഖ് (2331222) :: **ആട് -2** (M - 11.15, 2.30, 6.15, 9.30)
ശ്രീപത്മനാഭ (2473999) :: No show
ദേവിപ്രിയ (2473999) :: **റോസാപ്പൂ** (11.00, 2.30, 6.00, 9.30)
അജന്ത (2472825) :: **മട്ടാഞ്ചേരി** (M - 11.15, 2.15) **സൊല്ലിവിടവാ** (T- 6.15, 9.30)
കൃപ (7356333911) :: **BLACK PANTHER** (E - 11.00) **HATE STORY** (H- 9.45) **TOMB RIDER** (E - 1.40, 4.20, 7.00)
കലാഭവൻ :: **ആമി** (11.15, 2.15, 6.15, 9.30).
സെൻട്രൽ (2462865) :: **BARBARIAN** (E - 11.30, 2.30, 6.30, 9.30)
കൈരളി (2332747) :: **ക്യൂൻ** (M - 11.15) **ചാർമിനാർ** (M - 2.30, 6.30, 9.30)
ശ്രീ (2332747) :: **ക്യാപ്ടൻ** (M - 11.15 , 2.30, 6.15, 9.30)
നിള (2332747) :: **പ്രണയതീർത്ഥം** (M - 11.30) **മട്ടാഞ്ചേരി** (M - 2.30, 6.30) **ശിക്കാരിശംഭു** (M - 9.30)
ധന്യ (2476773) :: **HATE STORY** (H- 11.15, 2.30, 6.15, 9.30)
രമ്യ (2476773) :: **TOMB RIDER** (E - 11.15, 2.30, 6.15, 9.30)
ARIESPLEX SL CINEMA: (0471 4066660) ::
■ Audi 1 - No show
■ Audi 2 - **കലകലപ്പ്-II** (T- 11.30, 10.15) **BLACK PANTHER** (E - 3.00) **RED SPARROW** (E - 6.00)
■ Audi 3 - **ഖലീഫ** (11.15) **സുഖമാണോ ദാവീദേ** (M - 2.00) **DEATH WISH** (E- 4.00) **കുഞ്ഞുദൈവം** (M - 9.30)
■ Audi 4 - **ബാഗമതി** (T - 11.15) **SONU KI TITU KE SWEETY** (H - 3.00) **ഹേയ് ജൂഡ്** (M - 6.30) **ബാഗമതി** (T - 9.30)
■ Audi 5 - **PARI** (H - 11.30) **പത്മാവത്** (H - 3.00) **THREE BILLBOARDS OUTSIDE ABBING, MISOURI** (E - 6.45) **SHAPE OF WATER** (H - 9.45)
■ Audi 6 - **ക്യൂൻ** (11.30) **LADY BIRD** (E - 3.00) **ക്യാപ്ടൻ** (M - 6.30) **ആമി** (M - 10.00)
കഴക്കൂട്ടം കൃഷ്ണ (2418144) :: **SOLLI VIDAVA** (T - 11.15, 2.30, 9.30) **CHARMINAR** (M - 6.15)
കലാഭവൻ (2322314) :: **കാർബൺ** (11.30, 2.30) **ശിക്കാരിശംഭു** (6.15, 9.30)
വെട്ടുറോഡ് ഹരിശ്രീ (0471 2755666) :: **TOMB RAIDER** (E - 11.15, 2.30, 6.15, 9.30)
കഠിനംകുളം ജിട്രാക്സ് (2757771) :: ■ screen 1 : **ക്യാപ്റ്റൻ** (M - 11.15, 2.30, 6.15, 9.30)
■ screen 2 **കല്ലായി FM** (M - 11.30, 2.30) **ആദി** (M - 6.30, 9.30)
ആറ്റിങ്ങൽ ഡ്രീംസ് (628997) :: **ആട് -2** (M - 11.15, 2.30, 6.15,9.30)
ആറ്റിങ്ങൽ ഗംഗ (2629973) :: **ആദി** (M - 11.15, 2.15, 6.15, 9.30)
ആറ്റിങ്ങൽ യമുന (2629973):: **ആമി** (M - 11.15, 2.15, 6.15, 9.30)
ആറ്റിങ്ങൽ കാവേരി (9287218284) :: **കളി** (M - 11.15, 2.15, 6.15, 9.30)
ആറ്റിങ്ങൽ വൈശാഖ് (2622244) :: **ക്യാപ്ടൻ** (M - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽ തപസ്യ (3291113) :: **മട്ടാഞ്ചേരി** (M - 11.00, 2.45, 6.30, 9.45)
ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920):: **21 DIAMONDS** (M- 11.15, 3.00, 6.30, 9.45)
വർക്കല എസ്.ആർ (0470 2602339) :: **BLACK PANTHER** (E - 11.00, 2.30, 6.15, 9.30)
വർക്കല വിമല (9895233785) :: **നിമിഷം** (11.00) **ആമി** (M - 3.00, 6.30,. 9.45)
വർക്കല സ്റ്റാർ സിനിമ (2602344) :: **AADHI** (M - 11.15, 2.30, 6.15, 9.30)
ചിറയിൻകീഴ് സ്വാമിജി (9526752302) :: **താനാ ചേർന്ത കൂട്ടം** (M- 3.00, 6.30, 9.30)
നെടുമങ്ങാട് സൂര്യ (2802223) :: **SOLLI VIDAVA** (T - 11.00, 2.30, 6.15. 9.30)
നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259):: **ആദി** (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: **മട്ടാഞ്ചേരി** (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് റാണി :: No show
പാറശ്ശാല പടന്താലുംമൂട് ഐ.എം.പി :: **SKETCH** (T - 11.00, 2.30, 6.30, 9.30)
പെരിങ്ങമ്മല അശ്വതി (2400394) :: **കാർബൺ** (M- 2.30, 6.30, 9.30)
കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174)::
■ Audi 1 - **ചാർമിനാർ** (M - 11.00, 2.30, 6.15, 9.30)
■ Audi 2 - **മട്ടാഞ്ചേരി** (M - 11.00, 2.30, 6.15 , 9.30)
■ Audi 3- **ശിക്കാരിശംഭു** (T- 11.00, 2.30, 6.15, 9.30)
■ Audi 4 - **കലകലപ്പ്-II** (T- 11.00, 2.30, 6.15, 9.30)
■ Audi 5- **ആദി** (M - 11.00, 2.30, 6.15, 9.30)
കളിയിക്കാവിള തമീൻസ് മാക്സ് :: **പുലിമുരുകൻ** (M - 2.30, 6.15) **അച്ചം എമ്പത് മടമയ്യെട** (T - 11.00, 9.15)
നെയ്യാറ്റിൻകര ശുഭ :: **കാർബൺ** (M- 2.30, 6.30, 9.30)
പോത്തൻകോട് MT CINEPLEX (2419515) :: ■ Tela 1 - **ക്യാപ്റ്റൻ** (M - 11.15, 2.30, 6.15, 9.30)
■ Tela 2 - **BLACK PANTER** (E -11.00, 2.15, 6.30, 9.45)
പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: **21 DIAMONDS** (M- 2.30, 9.30) **മട്ടാഞ്ചേരി** (M - 11.15, 6.15)
വെഞ്ഞാറമൂട് സിന്ധു (9746159088) :: **ക്യാപ്ടൻ** (M - 11.30, 2.30, 6.30, 9.30)
കാട്ടാക്കട ജയവിനായക (2290867)::
■ screen 1 - **ആട് -2** (M - 11.00, 2.15, 6.15,9.15)
■ screen 2 - **വേലൈക്കാരൻ** (T- 11.15, 2.30, 6.30,9.30)
നെയ്യാറ്റിൻകര ശുഭ :: **താനാ സേർന്ത കൂട്ടം** (T - 2.30, 6.30, 9.30)
കള്ളിക്കാട് ദീപ (9447553618) :: **അച്ചായൻസ്** (M - 6.30, 9.30)
കാട്ടാക്കട ശ്രീമുരുക (9995952120) :: No show
കിളിമാനൂർ എസ്.എൻ :: **NO SHOWS** (T - 10.30, 2.30, 6.15, 9.00)
പനച്ചമൂട് യമുനലക്ഷ്മി :: **കെട്ടു** (T -10.30, 2.30, 6.15, 9.00)
പേയാട് എസ്.പി സിനിമ (0471-2289053) :: **21 DIAMONDS** (M- 11.00, 2.30, 6.15, 9.15)
കല്ലറ ARS (9526906021) :: **വിമാനം** (M - 2.30, 6.30)
പടന്തലുമൂട് IMP :: **MASTER PIECE** (M - 11.00, 2.30, 6.00, 9.30)

KERALA KAUMUDI Classifieds

കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

ജോലി ഒഴിവ്

തിരുവനന്തപുരം, കാട്ടാക്കട, നെടുമങ്ങാട്, കള്ളിക്കാട്, കരമന, വഴുതക്കാട്, കഴക്കൂട്ടം, ആറ്റിങ്ങൽ തുടങ്ങിയ സ്ഥലങ്ങളിലെ സ്ഥാപനങ്ങളിലേക്ക് ഓഫീസ് സ്റ്റാഫ്, ടെലികോളേഴ്സ്, സെയിൽസ് സ്റ്റാഫ്, ബില്ലിംഗ് സ്റ്റാഫ്, കാഷ്യർ, അക്കൗണ്ടന്റ്, ഹോട്ടൽ മാനേജ്മെന്റ് സ്റ്റാഫ്, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് തുടങ്ങി നിരവധി ഒഴിവുകൾ.

സൂര്യ അസോസിയേറ്റ്സ്,
കാട്ടാക്കട.
7902727771, 7909134736.
praveensnair1122@gmail.com

നഷ്ടപ്പെട്ടു

എന്റെ E 9713121 എന്ന നമ്പരിലുള്ള പാസ്പോർട്ട് നഷ്ടപ്പെട്ടിട്ടുണ്ട്. കണ്ടുകിട്ടുന്നവർ താഴെ പറയുന്ന നമ്പരിൽ ബന്ധപ്പെടുക.
9746097447.
Mohamed Althaf.

ആവശ്യമുണ്ട്

മാർക്കറ്റിംഗ് എക്സിക്യൂട്ടീവിനെ ആവശ്യമുണ്ട്. TVM.
8089645279.

ഹോം നഴ്സ്, വീട്ടുജോലി 12000-16000/-, ഹൗസ് ഡ്രൈവേഴ്സ് Dubai, Kuwait, Qatar, Lice ഉള്ളവർക്ക് മുൻഗണന
9946790686

വില്പനയ്ക്ക്

കറവയുള്ള നാടൻ പശുക്കളും ആടുകളും.
9946697700

Lost

My Bachelor of Science in Nursing Certificate No. 0131877 dt. 31.03.2012 issued by Rajeev Gandhi University of Health Sciences, Karnataka, has been lost. Those who have found please inform the following address :-

Sajini Sara Sajan,
KKRA 99, Kodiyilkonam,
Kurishadi Jn, Kariavattom, TVM.
Phone : 0471 - 2418806,
9447477694.

ബാങ്ക് സ്വർണ്ണം

കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.

97 46 81 11 96, 98 47 30 11 58
രാധികാ ജ്വല്ലറി

പണയ സ്വർണ്ണം

കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സിക്യൂട്ടീവുകൾ.

98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

നഷ്ടപ്പെട്ടു

എന്റെ പ്രമാണത്തിന്റെ മുൻ ആധാരമായ 3754/1971-ാം നമ്പർ ഭാഗപത്രം നഷ്ടപ്പെട്ടു. കിട്ടുന്നവർ 9746820553 എന്ന നമ്പരിലോ, മരയമുട്ടം സ്റ്റേഷനിലോ അറിയിക്കുക.

ആൽഫ്രഡ് C,
ഉഷസ്സാലയം, പാലിയോട്,
കോട്ടയ്ക്കൽ പി.ഒ.

ചികിത്സ

ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

മേൽശാന്തിയെ ആവശ്യമുണ്ട്

കൊല്ലം ജില്ലയിലെ പ്രശസ്ത സുബ്രഹ്മണ്യക്ഷേത്രത്തിലേക്ക് മേൽശാന്തിയെ ആവശ്യമുണ്ട്.
0474-2706433
(6 AM to 10 AM, 5.30 PM to 7.30 PM),
9400703862

നോട്ടീസ്

എന്റെ വക മലയിൻകീഴ് SRO-യിലെ 5576/07-ാം നമ്പർ വിലയാധാരം തിരിയെ കിട്ടാത്തവിധം നഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ ടി ആധാരത്തിന്റെ ശരിപ്പകർപ്പ് എടുത്ത് വിലയാധാരം ചെയ്യുന്നതിൽ ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ എന്നെയോ ബന്ധപ്പെട്ട SRO-യോ 15 ദിവസത്തിനകം അറിയിക്കണം.

എസ്. വേണുഗോപാൽ, പങ്കജഭവൻ,
ഭഗവതിനട, Phone : 9447923345.

ആവശ്യമുണ്ട്

കൊല്ലം സുപ്രീം വൺ ഗ്രാം ജുവലറിയുടെ തിരുവനന്തപുരം ഷോറൂമുകളിലേക്ക് Salesgirl, മറ്റ് ജില്ലകളിലേക്ക് Salesman.

യോഗ്യത : SSLC above
പ്രായം : 18-35,
Salary : 7000 - 12000/-
Male-ന് താമസം, ഭക്ഷണം ഉണ്ട്.
9746723555, 8129400370.
(വിളിക്കേണ്ട സമയം :
10 a.m. - 5 p.m.)

നഷ്ടപ്പെട്ടു

അമ്പൂരി വില്ലേജിൽ Bl 34-ൽ റീസർവ്വേ 421/3-ൽ ഉൾപ്പെട്ട 44.20 ആർ വിസ്തീർണ്ണം വരുന്ന വസ്തുവിന്റെ 2546/1986-ാം നമ്പർ വിലയാധാരം തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടു പോയി. ആക്ഷേപമുള്ളവർ ഇന്നുമുതൽ 30 ദിവസത്തിനകം അധികാരികളെ ബോദ്ധ്യപ്പെടുത്താൻ അറിയിക്കുന്നു.

അബ്ദുൾറഹിം,
ചരുവിള വീട്, തേക്കുപാറ.
9562479302.

WANTED

For a reputed all Kerala based organisation
Female Asst. Secretary
Age below 40 years.
Salary above 20,000/-
Experienced persons having fluency in English & Hindi forward resume
exesecsupreme@gmail.com
9847066353.

കേരള കൗമുദി
ആഴ്ചപ്പതിപ്പ്